# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6744:** **12/07/2012- ൽ മറുപടിക്ക്**

**ചെറുകിട വ്യവസായങ്ങൾക്ക് പ്രോത്സാഹനം**

**ചോദ്യം** **ഉത്തരം**

**ശ്രീ. ബെന്നി ബെഹനാൻ :**
**" ഷാഫി പറമ്പിൽ :**
**" അൻവർ സാദത്ത് :**
**" എ. റ്റി. ജോർജ് :**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളുടെ പ്രോത്സാഹന-ത്തിനായി എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ ; | (എ) | ചെറുകിട ഇടത്തര വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 55.05 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പുതുതായി വ്യവസായ എസ്റ്റേറ്റുകൾക്കുള്ള സ്ഥലം ഏറ്റെടുക്കുക, ബഹുനില വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക തുടങ്ങിയ പശ്ചാത്തല വികസന പദ്ധതികൾ, ഗ്രാന്റ്, വിപണന സഹായം, നിലവിലുള്ള വ്യവസായങ്ങളുടെ വികസനം, പുതിയ ടെക്നോളജി വികസനം, ശേഷി വികസനം തുടങ്ങിയ പദ്ധതികൾക്കായാണ് പുതുതായി വ്യവസായം ആരംഭിക്കുന്ന സംരംഭകർക്ക്- സമയബന്ധിതമായി ലൈസൻസുകളും, ക്ലിയറൻസുകളും ലഭ്യമാകുന്നതിന് ഓൺലൈൻ സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.<br>സംരംഭകത്വ സഹായ പദ്ധതി (ഇ എസ് എസ്) -വഴി താഴെ വിവരിച്ചിട്ടുള്ള ആനുകൂല്യങ്ങൾ അർഹരായ സൂക്ഷ്മ |

| | | | |
|---|---|---|---|
| | | | ചെറുകിട വ്യവസായങ്ങൾക്കായി ലഭിക്കുന്നതാണ്.<br>• സംരംഭകർക്ക് മൂലധന നിക്ഷേപത്തിന്റെ 10% സഹായധനം - 10 ലക്ഷം വരെ.<br>• വനിതാ വ്യവസായികൾക്ക് മൂലധനത്തിന്റെ 20% സഹായധനം- 15 ലക്ഷം വരെ.<br>• അഭ്യസ്തവിദ്യരായ യുവസംരംഭകർക്ക് മൂലധനത്തിന്റെ 20% സഹായധനം- 15 ലക്ഷം വരെ.<br>• പട്ടികജാതി/പട്ടിക വർഗ്ഗ സംരംഭകർക്ക്- മൂലധനത്തിന്റെ 20% സഹായധനം-20 ലക്ഷം വരെ.<br>• ഭക്ഷ്യ സംസ്കരണവും വിവിധ ത്രസ്റ്റ് മേഖലകളിൽ തുടങ്ങുന്ന വ്യവസായങ്ങൾക്ക് 5% അധിക സഹായധനം.<br>• വയനാട്, ഇടുക്കി ജില്ലകളിൽ വ്യവസായം തുടങ്ങുന്നവർക്ക് 5% അധിക ധനസഹായം- 2 ലക്ഷം വരെ.<br>• നൂതന സാങ്കേതിക വിദ്യ അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ആർജ്ജിക്കുന്നതിന് ധനസഹായം -25 ലക്ഷം വരെ.<br>• അനുവദിക്കപ്പെട്ട തുകയുടെ 70% സൂക്ഷ്മ വ്യവസായങ്ങൾക്കായി മാറ്റി വെച്ചിരിക്കുന്നു. എന്നാൽ അപേക്ഷകരുടെ അഭാവത്തിൽ മേൽത്തുക മറ്റു ചെറുകിട വ്യവസായങ്ങൾക്കായി ഉപയോഗിക്കുന്നതാണ്.<br>• വനിതാ വ്യവസായികൾക്ക് 10%വും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 10% വും ആകെത്തുകയുടെ വിഹിതം വകയിരുത്തുന്നതാണ്.<br>• മുള അടിസ്ഥാന വ്യവസായങ്ങളുടെ ഉന്നമനത്തിനു വേണ്ടി കേരള ബാംബൂ ഫെസ്റ്റ്, മുള/ഈറ്റ എന്നിവയിൽ നിന്ന് |

| | | | |
|---|---|---|---|
| | | | മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള പരിശീലനം, വിവിധ മേളകളിൽ പങ്കെടുക്കുവാനുള്ള അവസരം എന്നിവ കെ-ബിപ് മുഖേന നൽകി വരുന്നു.<br>ചെറുകിട വ്യവസായത്തിനാവശ്യമായ ഷെഡ്/ഭൂമി ഇവ ഒഴിവുള്ള മുറയ്ക്ക് സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റ് ഡിവിഷനിൽ നിന്നും അനുവദിച്ച് നൽകി വരുന്നു. വ്യവസായ പാർക്ക് ഡിവിഷൻ മുഖാന്തിരം വ്യവസായം ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ ഭൂമി മിതമായ നിരക്കിൽ 90 വർഷ ദീർഘകാല പാട്ടക്കരാർ അടിസ്ഥാനത്തിൽ നൽകുന്നു. കൂടാതെ ലളിതമായ ഏകജാലക സംവിധാനം നിലവിലുള്ളതിനാൽ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കാനും അതിലൂടെ വ്യവസായികളുടെ വിവിധ ആവശ്യങ്ങൾ വേഗത്തിൽ നിറവേറ്റാനും കഴിയുന്നു. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ ലഭ്യമാക്കുന്നതിനായി വ്യവസായികൾക്ക് സിഡ്കോ അനുവദിച്ച പ്ലോട്ടുകൾ ഈടായി നൽകുന്നതിനുള്ള അനുമതിയും നൽകി വരുന്നു. ചെറുകിട വ്യവസായത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകുന്നതിനുള്ള അനുമതിയും നൽകി വരുന്നു. ചെറുകിട വ്യവസായത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകുന്നു. ചെറുകിട വ്യവസായികളുടെ ഉൽപ്പന്നങ്ങൾ സിഡ്കോ മുഖേന വിപണനം നടത്തുകയും ചെയ്യുന്നുണ്ട്. |
| **(ബി)** | ചെറുകിട വ്യവസായങ്ങൾക്ക് എമർജിംഗ് കേരള പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം; | **(ബി)** | പരിഗണനയിലാണ്. നമ്മുടെ സംസ്ഥാനത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാൻ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ ഭാഗമായി " എമർജിംഗ് കേരള 2012" സെപ്തംബർ 12 മുതൽ 14 വരെ തീയതികളിൽ കൊച്ചിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സൂക്ഷ്മ -ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്കും, വൻകിട വ്യവസായങ്ങൾക്കും എല്ലാം തന്നെ പങ്കെടുക്കുവാനും അവയ്ക്ക് അനുയോജ്യമായ പദ്ധതികൾ അവതരിപ്പിക്കാനും അവസരം ഒരുക്കുന്നുണ്ട്. ഈ മേഖലയിലുള്ള വിവിധ പദ്ധതികൾ ഇപ്പോൾ തന്നെ എമർജിംഗ് കേരളയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. ഇത് വ്യവസായികൾക്ക് ആവശ്യാനുസരണം മുതൽമുടക്കിന് ഉദ്ദേശിച്ചിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (സി) | എമർജിംഗ് കേരളയുടെ ഭാഗമായി ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട വ്യവസായികളെ പങ്കെടുപ്പിച്ച് റോഡ് ഷോ സംഘടിപ്പിച്ചു. കേരളത്തിലെ എല്ലാ ജില്ലകളെയും ഉൾപ്പെടുത്തി സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലും ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചു. കൂടാതെ വിദേശ രാജ്യങ്ങളിലെ എംബസികൾ മുഖേന ആ മേഖലയിലുള്ള വ്യവസായികളെ ആകർഷിക്കുവാൻ എമർജിംഗ് കേരളയുടെ വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**